# 48. സ്കൂളിൽ ഒരു കമ്പ്യൂട്ടർ

മനുഷ്യചരിത്രത്തിൽ വ്യവസായവിപ്ലവത്തിനുള്ള അതേ പ്രാധാന്യം തന്നെ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന, 'കമ്പ്യൂട്ടർ വിപ്ലവ'ത്തിനും ഉണ്ടായിരിക്കുമെന്നു പല സാമൂഹ്യചിന്തകരും പ്രവചിച്ചിട്ടുണ്ട്. അന്നോളം മനുഷ്യന്റെയും അവൻ വളർത്തുന്ന മൃഗങ്ങളുടെയും മാംസപേശികൾ നിർവഹിച്ചുപോന്ന അദ്ധ്വാനം, എത്രയോ മടങ്ങ് അധികം ക്ഷമതയോടെ, യന്ത്രശക്തികൊണ്ടു നിർവഹിക്കാൻ തുടങ്ങിയപ്പോഴാണു വ്യവസായ വിപ്ലവം ഉണ്ടായത്. ഇന്നോളം മനുഷ്യമസ്തിഷ്കം നിർവഹിച്ചുപോന്ന സ്മരണ–ചിന്തന–പ്രക്രിയകൾ, മസ്തിഷ്കത്തിനു സാദ്ധ്യമായതിൽ എത്രയോ മടങ്ങ് അധികം ക്ഷമതയോടെ യന്ത്രശക്തികൊണ്ടു നിർവഹിക്കാൻ തുടങ്ങിയിരിക്കുന്നു എന്നതാണ് 'കമ്പ്യൂട്ടർ വിപ്ലവ'ത്തിന്റെ സാരാംശം.

മാംസപേശിയുടെ സ്ഥാനത്ത് യന്ത്രത്തെ പ്രതിഷ്ഠിക്കുന്നതിന്റെ പൂർണഫലങ്ങൾ വ്യക്തമാവാൻ ഒന്നുരണ്ടു നൂറ്റാണ്ടുകൾതന്നെ വേണ്ടിവന്നു. എന്നാൽ, മസ്തിഷ്കത്തിന്റെ സ്ഥാനത്ത് യന്ത്രത്തെ പ്രതിഷ്ഠിക്കുന്നതിന്റെ പൂർണഫലങ്ങൾ അടുത്ത ഏതാനും ദശവർഷങ്ങൾക്കിടയിൽ മനുഷ്യവർഗത്തിന് അനുഭവപ്പെട്ടുതുടങ്ങും. വ്യവസായവിപ്ലവം ഉമിത്തീപോലെ പതുക്കെ മാത്രം നീറിപ്പിടിച്ചപ്പോൾ, കമ്പ്യൂട്ടർ വിപ്ലവം പെട്രോളിലെ തീപോലെ പെട്ടെന്നു ലോകമെങ്ങും ആളിപ്പടർന്നു തുടങ്ങിയിരിക്കുകയാണ്.

എല്ലാവർക്കും ആവശ്യംപോലെ എടുത്ത് ഉപയോഗിക്കാൻ കഴിയുമാറ്, എല്ലാ വിവരങ്ങളും സ്ഥിരമായും നിരന്തരമായും ശേഖരിച്ചു ക്രമീകരിച്ചുവയ്ക്കുവാൻ കമ്പ്യൂട്ടറുകൾക്കു കഴിവുണ്ട്. ലൈബ്രറിയിൽനിന്ന് ഒരു പുസ്തകം എടുക്കുന്നതിനേക്കാൾ എളുപ്പത്തിൽ, ആവശ്യമുള്ള വിവരം കേന്ദ്രകമ്പ്യൂട്ടറിൽനിന്നു നമുക്കു ലഭിക്കുകയും ചെയ്യും. ഇതിനാവശ്യമായ 'പെഴ്സണൽ കമ്പ്യൂട്ടറു'കൾ, റേഡിയോ–ടെലിവിഷൻ സെറ്റുകൾ പോലെ, സാർവത്രികങ്ങളായി കഴിഞ്ഞിട്ടുണ്ട്. ആവശ്യമുള്ള ആർക്കും വാങ്ങാൻ സാധിക്കുമാറ് ഇവയുടെ വില ചുരുങ്ങിച്ചുരുങ്ങി വരികയുമാണ്.

റേഡിയോ കേൾക്കാനും ടെലിവിഷൻ കാണാനും കഴിയണമെങ്കിൽ സെറ്റുകൾ പ്രവർത്തിപ്പിക്കാൻ അറിഞ്ഞിരിക്കണമല്ലോ. കമ്പ്യൂട്ടറുകൾ പ്രയോജനപ്പെടുത്താൻ കഴിയണമെങ്കിൽ, അവ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിചയം നേടിയിരിക്കണം. റേഡിയോ–ടെലിവിഷൻ സെറ്റുകളിൽനിന്ന് കമ്പ്യൂട്ടറിനുള്ള ഒരു പ്രധാന വ്യത്യാസം, പ്രായേണ നാം കൊടുത്ത വിവരങ്ങളായിരിക്കും കമ്പ്യൂട്ടറുകളിൽനിന്നു തിരിച്ചുകിട്ടുക എന്നതാണ്. നാം കൊടുത്ത പാട്ട് നമ്മെ കേൾപ്പിക്കുന്ന റിക്കാർഡ് പ്ലെയറോടാണ്, ഈ അംശത്തിൽ കമ്പ്യൂട്ടറിനു സാമ്യം. മനുഷ്യനുള്ളതുപോലെ കമ്പ്യൂട്ടറിനു സ്വയം പ്രവർത്തനശേഷിയില്ല. അതിനെ പഠിപ്പിച്ചതേ ചെയ്യൂ. കമ്പ്യൂട്ടർ നമുക്കു തരുന്ന വിവരങ്ങൾ, ഏറിയകൂറും നാം തന്നെ അതിനു മുൻകൂട്ടി കൊടുക്കേണ്ടിയിരിക്കുന്നു എന്നു പറഞ്ഞുവല്ലോ. കിട്ടിയ വിവരങ്ങൾ മറക്കാതെ ശേഖരിക്കുന്നതിനും, അത്ഭുതാവഹമായ വേഗത്തിൽ അവ പുനഃസംവിധാനം ചെയ്യുന്നതിനുമുള്ള ശേഷിയാണ് കമ്പ്യൂട്ടറിന്റെ സവിശേഷത.

കമ്പ്യൂട്ടറിനു വിവരങ്ങൾ നൽകുന്നതു നമ്മുടെ ഭാഷയിൽ പോരാ, കമ്പ്യൂട്ടറിന്റെ ഭാഷയിൽ വേണം. രണ്ട് അക്ഷരങ്ങൾ മാത്രമുള്ളതാണ് കമ്പ്യൂട്ടറിന്റെ ഭാഷ. 0, 1 എന്ന ഈ അക്ഷരങ്ങളെ പ്രതീകാത്മകമായി ചിത്രണംചെയ്യാം. സാധാരണ വിവരങ്ങളെ കമ്പ്യൂട്ടർഭാഷയിൽ എങ്ങനെ ഉൾക്കൊള്ളിക്കാമെന്ന് കമ്പ്യൂട്ടർ ഉപയോഗിക്കുന്നവർ അറിഞ്ഞിരിക്കണം. മനുഷ്യഭാഷ മനസ്സിലാക്കാൻ കമ്പ്യൂട്ടറുകളെ പഠിപ്പിച്ചുവരുന്നുണ്ട്. ഏതാനും വർഷങ്ങൾക്കകം അവ മനുഷ്യഭാഷയിൽ മറുപടി പറഞ്ഞുതുടങ്ങിക്കൂടായ്കയുമില്ല. എങ്കിലും, വളരെ പരിമിതമായിരിക്കും അവയുടെ മനുഷ്യഭാഷാഗ്രഹണശേഷി. ഏതു കളിക്കും അതിന്റേതായ നിയമങ്ങൾ ഉണ്ടല്ലോ. കമ്പ്യൂട്ടറിനോടു കളിക്കുന്നതു കമ്പ്യൂട്ടറിന്റെ നിയമങ്ങൾ അനുസരിച്ചായിരിക്കണം.

തുന്നൽയന്ത്രംപോലെ, റേഡിയോസെറ്റുപോലെ, വാച്ചുപോലെ, കമ്പ്യൂട്ടറും ഒരു ഗൃഹോപകരണമായി മാറിക്കൊണ്ടിരിക്കയാണ്. അതു് ഉപയോഗിച്ചു നമുക്ക് എഴുതാം, വായിക്കാം, കണക്കുകൂട്ടാം, കണക്കെഴുതി സൂക്ഷിക്കാം, കത്തുകൾ തയ്യാറാക്കാം, പുസ്തകമെഴുതാം, അച്ചുനിരത്താം, ടെലഫോൺ സംഭാഷണം നിർവഹിക്കാം—അങ്ങനെ പലതും ചെയ്യാം. പക്ഷേ, ഇതൊക്കെ സാധിക്കണമെങ്കിൽ, കുറച്ചു പരിശീലനം നമുക്ക് ആവശ്യമാകുന്നു. പുസ്തകം ഉപയോഗിക്കണമെങ്കിൽ ദീർഘകാല പരിശീലനം ആവശ്യമില്ലേ? അതുപോലെ, കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള കഴിവാണ് 'കമ്പ്യൂട്ടർ സാക്ഷരത' എന്ന് അറിയപ്പെടുന്നതു്. പഠിച്ചുനേടേണ്ട ഈ കഴിവ് സ്കൂളുകളിലൂടെ, അക്ഷരാഭ്യാസത്തോടൊപ്പം വളരുന്ന തലമുറയ്ക്കു നൽകാവുന്നതാണ്; നൽകേണ്ടതുമാണ്; പല രാജ്യങ്ങളിലും നൽകിത്തുടങ്ങിയിട്ടുമുണ്ട്.

ബ്രിട്ടനിലെ സെക്കൻഡറി സ്കൂളുകളിൽ കമ്പ്യൂട്ടർ പരിശീലനം 1980-ൽ ആരംഭിച്ചു. സ്കൂളുകളിൽ കമ്പ്യൂട്ടർ വാങ്ങുമ്പോൾ പകുതിവില ഗവണ്മെന്റു നൽകുമെന്ന വ്യവസ്ഥ ബ്രിട്ടനിലെ എല്ലാ സെക്കൻഡറി സ്കൂളുകളും ഉപയോഗപ്പെടുത്തി. വ്യവസായവകുപ്പും വിദ്യാഭ്യാസവകുപ്പും സഹകരിച്ചാണ് ഈ പരിപാടി നടപ്പിൽ വരുത്തിയതു്. 1982 ആയപ്പോഴേക്ക് ബ്രിട്ടനിലെ 6500 സെക്കൻഡറി സ്കൂളുകളിലും കമ്പ്യൂട്ടർ പ്രവർത്തിച്ചുതുടങ്ങി. എല്ലാ സെക്കൻഡറിസ്കൂളുകളിലും കമ്പ്യൂട്ടർ സ്ഥാപിക്കപ്പെട്ടതിനെത്തുടർന്ന് 1982-ൽ ഈ പദ്ധതി പ്രൈമറിസ്കൂളുകളിലേക്കും വ്യാപിപ്പിച്ചു. ഇപ്പോൾ ബ്രിട്ടനിലെ 27,000 പ്രാഥമികസ്കൂളുകൾ, ഏതാണ്ടു മുഴുവൻതന്നെ, കമ്പ്യൂട്ടർ വാങ്ങി പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. ചുരുക്കത്തിൽ, ബ്രിട്ടനിലെ എല്ലാ പ്രൈമറി-സെക്കൻഡറി സ്കൂളുകളിലും കമ്പ്യൂട്ടറുകൾ പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു. ഇതിൻഫലമായി ബ്രിട്ടനിലെ അടുത്ത തലമുറയ്ക്ക്, സാധാരണ സാക്ഷരതയോടൊപ്പം കമ്പ്യൂട്ടർ സാക്ഷരതയും അനായാസമായി കൈവരുന്നതായിരിക്കും.

കുട്ടികൾ കമ്പ്യൂട്ടർകൊണ്ട് എന്തു ചെയ്യുന്നു? 'ബ്രിട്ടീഷ് ഇൻഡസ്ട്രിയൽ ന്യൂസ്' എന്ന മാസികയുടെ 1984 ജൂലൈ-ആഗസ്റ്റ് ലക്കത്തിലെ ഒരു ലേഖനത്തിൽ പറയുന്നു:

'വെള്ളം കണ്ട താറാവുകുഞ്ഞുങ്ങളുടെ ഉത്സാഹമാണ് കമ്പ്യൂട്ടർ കിട്ടിയ ബ്രിട്ടനിലെ കുട്ടികൾക്ക്. മുൻപരിചയം ഇല്ലാത്ത വിഷയമാകയാൽ അവർ പുതിയ പരീക്ഷണങ്ങൾ നടത്തി പഠിക്കുന്നു. കമ്പ്യൂട്ടറുകളിൽ ആയിരക്കണക്കിനു കളികൾ കളിക്കാം. ഒരു കളിയുപകരണത്തിനു നാലു പവനിൽത്താഴെയേ വിലവരൂ. അതിനാൽ, കുഞ്ഞുങ്ങൾ സ്വാഭാവികമായും കളിച്ച് കമ്പ്യൂട്ടറുമായി പരിചയപ്പെടുന്നു പക്ഷേ, എട്ടും ഒമ്പതും വയസ്സായവർകൂടി വേഗത്തിൽ സ്വന്തം കമ്പ്യൂട്ടർ പരിപാടികൾ

(പ്രോഗ്രാമുകൾ) ആവിഷ്കരിച്ചുതുടങ്ങുന്നു. അവരിൽ പലരും കമ്പ്യൂട്ടർ ടെക്നോളജി സംബന്ധിച്ച തൊഴിലുകൾ തെരഞ്ഞെടുക്കാൻ തീരുമാനിച്ചിരിക്കുന്നു. പന്ത്രണ്ടു വയസ്സായ ഒരു കുട്ടി അവന്റെ വീട്ടുപാഠങ്ങൾ ചെയ്യാനും ഫ്രഞ്ച്–ജർമൻ ഭാഷകൾ പഠിക്കാനും കമ്പ്യൂട്ടർ ഉപയോഗപ്പെടുത്തുന്നു. പല 'പ്രോഗ്രാമു'കളും അവൻ ഇതിനകം എഴുതിയുണ്ടാക്കിയിട്ടുണ്ട്. കളിക്കുന്നതിനേക്കാൾ രസമാണ് ഇത്തരം പ്രോഗ്രാം (സോഫ്റ്റ്വെയർ) നിർമിക്കുന്നതെന്ന് അവൻ പറയുന്നു. കമ്പ്യൂട്ടർ ഉപയോഗിക്കാത്ത കുട്ടികൾക്ക പലതും നഷ്ടപ്പെടുന്നുണ്ടെന്നാണ് അവന്റെ ബോദ്ധ്യം.

'കമ്പ്യൂട്ടർ സാക്ഷരത' നേടുന്നതിനുള്ള സൗകര്യങ്ങൾ ഇന്ത്യയിലെ സെക്കൻഡറി സ്കൂളുകളിൽ ഏർപ്പെടുത്തുന്നതിനുള്ള ഒരു കരാറിൽ 1984 ജൂലൈ 30–ാംതീയതി ബ്രിട്ടന്റെയും ഇന്ത്യയുടെയും ഗവണ്മെന്റുകളുടെ പ്രതിനിധികൾ ഒപ്പുവയ്ക്കുകയുണ്ടായി. ഈ കരാർ അനുസരിച്ച് ഒരു പൈലട്ട് പ്രോജക്ട് എന്ന നിലയിൽ ഇന്ത്യയിലെ ഇരുനൂററമ്പതു് സെക്കൻഡറിസ്കൂളുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിനായി ഒരു കോടി തൊണ്ണൂററഞ്ചു ലക്ഷം രൂപ ബ്രിട്ടൻ സൗജന്യമായി നൽകും. ഈ സ്കൂളുകൾക്ക വേണ്ട ഹാർഡ്‌വെയറും (യന്ത്രങ്ങളും) സോഫ്റ്റ്വെയറും (പ്രോഗ്രാമുകളും) വാങ്ങുന്നതിനുപറമെ, അദ്ധ്യാപകപരിശീലനത്തിനായി അമ്പതു റിസോഴ്സ് സെൻററുകൾ നടത്താനും ഈ പണം ഉപയോഗപ്പെടുത്തും. ബ്രിട്ടീഷ് അദ്ധ്യാപകർ ഇന്ത്യയിൽ വന്നു കമ്പ്യൂട്ടർ പരിശീലനം നൽകും; ഇന്ത്യൻ അദ്ധ്യാപകർ ബ്രിട്ടനിൽ ചെന്നു് ഈ പരിശീലനം നേടുകയുംചെയ്യും.

ഈ പൈലട്ട് പ്രോജക്ട് ഫലപ്രദമെന്നു കണ്ടാൽ, 1990 ആകുമ്പോഴേക്ക്, ഇന്ത്യയിലെ രണ്ടര ലക്ഷം സെക്കൻഡറി സ്കൂളുകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ചെലവ് ഇന്ത്യാഗവണ്മെൻറു നിർവഹിക്കുന്നതാണ്. ബ്രിട്ടനിലെ 'അകോൺ കമ്പ്യൂട്ടേഴ്സ്' എന്ന കമ്പനിയാണ് ഇതിനാവശ്യമായ യന്ത്രസാമഗ്രികൾ നൽകുക. വേണ്ടിവന്നാൽ ഈ കമ്പനിയുടെ സഹകരണത്തോടെ ഈ യന്ത്രസാമഗ്രികൾ ഇന്ത്യയിൽത്തന്നെ നിർമിച്ചുതുടങ്ങും. ന്യൂദൽഹിയിൽ ബ്രിട്ടീഷ് ഹൈകമ്മീഷനിലെ ബ്രിട്ടീഷ് കൗൺസിൽ ഡിവിഷനാണ്, ബ്രിട്ടനിലെ ഓവർസീസ് ഡെവലപ്മെൻറ് അഡ്മിനിസ്ട്രേഷനുവേണ്ടി ഈ പൈലട്ട് പ്രോജക്ട് നടപ്പിൽ വരുത്തുന്നതു്. വിദ്യാഭ്യാസ–ഗവേഷണ–പരിശീലന–ദേശീയ കൗൺസിലും (എൻ. സി. ഇ. ആർ. ടി.) ഇന്ത്യയിലെ അഞ്ചു ടെക്നോളജി ഇൻസ്റ്റിററ്യൂട്ടുകളും ഈ പദ്ധതിയുടെ നടത്തിപ്പിൽ സക്രിയമായ പങ്കാളിത്തം വഹിക്കും.

കമ്പ്യൂട്ടറുകൾ സാർവത്രികങ്ങളാകുന്നതോടെ, തൊഴിലുകളുടെ സമ്പ്രദായത്തിൽത്തന്നെ വലിയ പരിവർത്തനം വരുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നതു്. ചില വ്യവസായങ്ങളിൽ മാത്രമേ വലിയ ഫാക്ടറികൾ പിന്നീട് ആവശ്യമായി വരൂ. മിക്ക വ്യവസായങ്ങളും കുടുംബാടിസ്ഥാനത്തിൽ വീടുകളിലിരുന്നു ചെയ്യുക സാദ്ധ്യമാവും. മുതലാളിത്തത്തിന്റെ (സോഷ്യലിസത്തിന്റെയും) സാമ്പത്തികമായ അടിത്തറതന്നെ മാററിപ്പണിയപ്പെട്ടേക്കാം.

അടുത്ത തലമുറയിലെ എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടറുകളുമായി സാമാന്യപരിചയമെങ്കിലും ആവശ്യമായിത്തീരും. കമ്പ്യൂട്ടർ ഒരു 'രഹസ്യവസ്തു'വാണെന്ന ധാരണ കളയുകയും, അതിനോടു കളിക്കാനും അത്ഥമായി അർത്ഥപൂർണമായി സംവദിക്കാനും കുട്ടികൾക്ക് അവസരം നൽകുകയുമാണ് സെക്കൻഡറി സ്കൂളുകളി ിലെ കമ്പ്യൂട്ടർ പ്രോജക്ടിന്റെ ലക്ഷ്യം.

വിദ്യാഭ്യാസത്തെ അത്യന്തം സമ്പന്നവും വൈവിധ്യോന്മുഖവുമാക്കുന്ന ഇത്തരമൊരു പരിപാടി ഇന്ത്യയിൽ, പരീക്ഷണാടിസ്ഥാനത്തിലെങ്കിലും, നടപ്പിൽ വരികയാണെന്ന വസ്തുത കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തകർ മനസ്സിലാക്കിയിട്ടുണ്ടോ? കേരളത്തിലെ കുട്ടികൾക്ക കമ്പ്യൂട്ടർ സാക്ഷരത കൈവരുത്തുന്നതിന് എന്തു നടപടികൾ സ്വീകരിക്കാനാണ് അവർ ഉദ്ദേശിക്കുന്നത്?

(25 ഒക്ടോബർ, 1984)

## 49. ടെലിഫോൺ മര്യാദ

ഏകാഗ്രത വളരെ ആവശ്യമുള്ള എഴുത്തുപണിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു ഞാൻ. മുറിയുടെ ഒരു മൂലയിലുള്ള ടെലിഫോൺ തെരുതെരെ അടിക്കാൻ തുടങ്ങി. കേടുവന്നു മിക്കവാറും ഉപയോഗശൂന്യമായിക്കഴിഞ്ഞിരുന്ന എന്റെ പഴയ ടെലിഫോൺയന്ത്രത്തിന് ഒരു ഗുണം ഉണ്ടായിരുന്നു. സൗമ്യമായിരുന്നു അതിന്റെ മണിയടിയൊച്ച. ആ ടെലിഫോൺയന്ത്രം മാററി, അതിന്റെ സ്ഥാനത്തു ടെലിഫോൺവകുപ്പുകാർ അടുത്തകാലത്തു കൊണ്ടുവന്നു സ്ഥാപിച്ച യന്ത്രത്തിന്, മററ് എന്തെല്ലാം ഗുണങ്ങൾ ഉണ്ടായാലും, അസഹ്യമായ ദോഷമുണ്ട്: കർണകഠോരമായ മണിയടി. കേട്ടാൽ തോന്നുക, യന്ത്രം നിങ്ങളെ ശകാരിക്കുകയാണെന്നാണ്. ഈയിടെ ഒരു സുഹൃത്തിന്റെ ആപ്പീസിൽ കണ്ട ഡിജെററൽ ടെലിഫോണിൽ മണിയടിക്കു പകരമുള്ളത് ഒരു കരുവിയുടെ മധുരസംഗീതമാണ്. മറുനാട്ടിൽനിന്ന്, എങ്ങനെയോ, കടത്തിക്കൊണ്ടുവന്നു സ്ഥാപിക്കപ്പെട്ട കൃശസുന്ദരമായ ആ യന്ത്രത്തിന്റെ ഭംഗിയും സ്വരമാധുര്യവും പ്രവർത്തനസൗകര്യവും, ഇന്ത്യയിൽ നിർമിക്കുന്നതും സർക്കാർ തരുന്നതുമായ ടെലിഫോൺ യന്ത്രങ്ങളിൽ ഉണ്ടാവുമെന്നു പ്രതീക്ഷിക്കാനുള്ള മൗഢ്യം എനിക്കില്ല. എങ്കിലും, എന്റെ മുറിയിൽ ഇപ്പോഴുള്ള ടെലിഫോൺയന്ത്രത്തിന്റെ മണിയടിയുടെ രൂക്ഷത, ഒരു സർക്കാർഫാക്ടറി നിർമിക്കുന്ന യന്ത്രത്തിൽപ്പോലും ഉണ്ടായേ തീരൂ എന്നില്ല. അതു പക്ഷേ, വേറെ കാര്യം.

എഴുത്തുനിർത്തി എഴുന്നേററു ചെന്നു ഞാൻ ടെലിഫോൺറിസീവർ ഉയർത്തി ചെവിയോടു അടുപ്പിച്ച് 'ഹലോ!' പറഞ്ഞു.

'ഹലോ' പറയുമ്പോൾ മുഖത്ത് ഒരു പുഞ്ചിരി വരുത്താൻ മുമ്പു ഞാൻ ബോധപൂർവം നടത്തിയിരുന്ന പരിശ്രമം ഇപ്പോൾ പഴക്കംമൂലം ഒരു ശീലമായിരിക്കുന്നു. അപ്പുറത്ത് എവിടെനിന്നോ വിളിക്കുന്ന ആൾ ആ പുഞ്ചിരി കാണുകയില്ലെന്നതു തീർച്ച. എങ്കിലും, ആ പുഞ്ചിരിയിലടങ്ങിയ സൗഹാർദം 'ഹലോ!' ശബ്ദത്തിലൂടെ അയാൾ അനുഭവിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

ഇത്തവണ, ഏതായാലും, അങ്ങനെയൊരു അനുഭവം അങ്ങേവശത്ത് ഉണ്ടായതായി തോന്നിയില്ല. പകരം ഉണ്ടായത്, യന്ത്രത്തോക്കിൽനിന്നു തുടർച്ചയായി നിറയൊഴിക്കുംപോലെയുള്ള ചോദ്യമാണ്:

'ആരാ അവിടെ?'

ആ ചോദ്യത്തിന്റെ പരുഷസ്വരം എന്റെ പുഞ്ചിരിയെയും, അതിലൂടെ വ്യഞ്ജിപ്പിക്കാൻ ഉദ്ദേശിക്കപ്പെട്ട സൗഹാർദത്തെയും മായ്ച്ചുകളഞ്ഞു. എങ്കിലും ഞാൻ ആകാവുന്നതു സൗമ്യതയോടെ തിരിച്ചുചോദിച്ചു:
'നിങ്ങൾക്ക് ആരെ വേണം?'